# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

## പി ജി നോൺ ഇംഗ്ലീഷ് പ്രവേശനപരീക്ഷ – ഹാജർ സ്ഥിരീകരണം

കാലിക്കറ്റ് സർവ്വകലാശാലക്കു കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലേക്ക് 2026–27 അധ്യയന വർഷത്തെ പി.ജി. ഇംഗ്ലീഷ് പ്രവേശനത്തിന് (പിജി ക്യാപ് 2026) ലേറ്റ് രെജിസ്ട്രേഷൻ മുഖേന ഓൺലൈൻ അപേക്ഷ സമർപ്പിച്ച, ബിരുദ തലത്തിൽ ഇംഗ്ലീഷ് കോർ വിഷയമായി പഠിച്ചിട്ടില്ലാത്തവർക്കുള്ള പ്രവേശന പരീക്ഷക്ക് ഹാജരാകാൻ താല്പര്യമുള്ളവർക്ക്, പരീക്ഷയ്ക്ക് ഹാജരാകാൻ താൽപര്യമുണ്ടെന്നതിനുള്ള കൺഫർമേഷൻ നൽകുന്നതിനുള്ള ലിങ്ക് തുറന്നു നൽകുന്നു. സർവ്വകലാശാല വെബ്സൈറ്റിലെ സ്റ്റുഡൻറ് ലോഗിൻ വഴി ലോഗിൻ ചെയ്ത്, **100 രൂപ** ഫീസടച്ച്, **10.07.2026 രാവിലെ 11.00 മണി മുതൽ** 13.07.2026 ഉച്ചക്ക് **12 മണിക്കുള്ളിൽ** കൺഫർമേഷൻ നൽകാവുന്നതാണ്. നേരത്തെ നൽകിയ ലിങ്ക് മുഖേന കൺഫർമേഷൻ **നല്കാതിരുന്നവർക്കും** ഈ അവസരം ഉപയോഗിച്ച് കൺഫർമേഷൻ നൽകാവുന്നതാണ്. നേരത്തെ കൺഫർമേഷൻ നൽകിയവർ വീണ്ടും നൽകേണ്ടതില്ല.

പിജി ക്യാപ് 2026 പ്രവേശന വിജ്ഞാപനത്തിൽ വ്യവസ്ഥ ചെയ്തത് പ്രകാരം, ഇത്തരത്തിൽ കൺഫർമേഷൻ നൽകാത്തവരെ പ്രവേശന പരീക്ഷയ്ക്ക് പരിഗണിക്കുന്നതല്ല.

പരീക്ഷാ കേന്ദ്രം, തീയതി, സമയം എന്നിവയെകുറിച്ചുള്ള വിവരങ്ങൾ പിന്നീട് ലഭ്യമാക്കുന്നതാണ്.

C.U campus

09.07.2026

ഡയറക്ടർ
(ഒപ്പ്)